# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

### നക്ഷത്രചിഹ്നമിട്ട നിയമസഭ ചോദ്യം നം. 184 – 08/03/2018 -ലെ മറുപടിക്ക്

## വിദ്യാഭ്യാസ വായ്പ തിരിച്ചടവ് പദ്ധതി

**ചോദ്യം** **ഉത്തരം**

പ്രൊഫ. കെ. യു. അരുണൻ
ശ്രീ. റ്റി. വി. രാജേഷ്
ശ്രീ. ആർ. രാജേഷ്
ശ്രീ. ആന്റണി ജോൺ

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| ചോദ്യം | | ഉത്തരം |
|---|---|---|
| എ | വിദ്യാഭ്യാസ വായ്പയെടുത്ത് കടക്കെണിയിലായവരെ സംരക്ഷിക്കാൻ ഈ സർക്കാർ ആവിഷ്കരിച്ച വിദ്യാഭ്യാസ വായ്പ തിരിച്ചടവ് പദ്ധതിയുടെ മാനദണ്ഡവും പദ്ധതി നടപ്പിലാക്കുന്നതിലെ പുരോഗതിയും അറിയിക്കാമോ; | വിദ്യാഭ്യാസ വായ്പ എടുത്ത് കടക്കെണിയിലാവുകയും ജപ്തി ഭീഷണി നേരിടുകയും ചെയ്യുന്നവരെ സഹായിക്കുന്നതിനായി ഒരു വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി (Education Loan Repayment Support Scheme) സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. 16.05.2017 തീയതിയിലെ സ.ഉ.(പി) നം. 65/2017/ധന, 12.07.2017 തീയതിയിലെ സ.ഉ.(പി) നം. 89/2017/ധന, 30.10.2017 തീയതിയിലെ സ.ഉ.(പി)നം. 135/2017/ധന എന്നീ ഉത്തരവുകൾ പ്രകാരം പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. 02.08.2017-ലെ 61/2017/ധന. സർക്കുലർ പ്രകാരം ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും 20.11.2017 തീയതിയിലെ 81/2017/ധന സർക്കുലർ പ്രകാരം ബാങ്കുകൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>ഈ പദ്ധതിയനുസരിച്ച്, വിദ്യാർത്ഥികൾക്ക് അനുവദിച്ച വിദ്യാഭ്യാസ വായ്പകളെ രണ്ട് വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു.<br><br>(i) നിഷ്ക്രിയ ആസ്തിയാകാത്ത വിദ്യാഭ്യാസ വായ്പാ / സ്റ്റാൻഡേർഡ് അക്കൗണ്ട് (Non NPA / Standard Account). (ii) 31.03.2016-നോ അതിനു മുമ്പോ നിഷ്ക്രിയ ആസ്തിയായി (NPA) മാറിയിട്ടുള്ളതും 31.03.2016 -ന് നിഷ്ക്രിയ ആസ്തിയായി തുടരുകയും ചെയ്ത വിദ്യാഭ്യാസ വായ്പാ അക്കൗണ്ട്. |

| | | |
|---|---|---|
| | | ഈ പദ്ധതി പ്രകാരം സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള പ്രധാനപ്പെട്ട മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br><br>• സ്റ്റാന്റേർഡ് അക്കൗണ്ടുകളിൽ വ്യവസ്ഥകൾക്ക് വിധേയമായി, 01.04.2016നു മുമ്പ് വായ്പാ തിരിച്ചടവ് തുടങ്ങിയ അർഹരായ വിദ്യാർത്ഥികൾക്ക് തിരിച്ചടവ് അവധിക്കുശേഷമുള്ള, പരമാവധി നാലു വർഷത്തേയ്ക്ക് 90%, 75%, 50%, 25% എന്നീ നിരക്കിൽ വായ്പാ തിരിച്ചടവിനുള്ള സാമ്പത്തിക സഹായം ലഭിക്കുന്നതായിരിക്കും.<br><br>• കേരളത്തിലെ ഷെഡ്യൂൾഡ് കൊമേഴ്സ്യൽ ബാങ്കുകൾ, കേരള ഗ്രാമീൺ ബാങ്ക്, കേരള സംസ്ഥാന കോ-ഓപ്പറേറ്റീവ് ബാങ്ക്, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, 14 ജില്ലാ സഹകരണ ബാങ്കുകൾ എന്നിവയിൽ നിന്നും വിദ്യാഭ്യാസ വായ്പ എടുത്ത് ഇൻഡ്യയിലെ അംഗീകൃത പ്രൊഫഷണൽ / ടെക്നിക്കൽ കോഴ്സുകൾക്ക് പ്രവേശനം നേടിയവർക്ക് പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതായിരിക്കും.<br><br>•31.03.2016 നോ അതിനു മുമ്പോ നിഷ്ക്രിയ ആസ്തിയായി (NPA) മാറിയിട്ടുള്ളതും 31.03.2016-ന് നിഷ്ക്രീയ ആസ്തിയായിരിക്കുകയും ചെയ്തിട്ടുള്ള ലോൺ അക്കൗണ്ടുകൾ ക്ളോസ് ചെയ്യുന്നതിന് 4 ലക്ഷം രൂപവരെയുള്ള വായ്പകൾക്ക് വായ്പാതുകയുടെ 60% വും 4 ലക്ഷത്തിനുമേൽ 9 ലക്ഷം വരെയുള്ള വായ്പകൾക്ക് കുടിശ്ശിക യായിട്ടുള്ള മുതലിന്റെ 50% (പരമാവധി 2,40,000/- രൂപ വരെ) വും സർക്കാർ സഹായം നൽകുന്നതാണ്.<br><br>• വായ്പയുടെ മേലുള്ള മുഴുവൻ പലിശയും പിഴപലിശയും ഇളവ് ചെയ്യുന്നതിന് ബാങ്ക് തയ്യാറാകുന്ന പക്ഷം പഠനകാലയളവിലോ വിദ്യാഭ്യാസ വായ്പയുടെ കാലയളവിലോ അപകടം മൂലമോ അസുഖം മൂലമോ ശാരീരിക മായോ മാനസികമായോ 80% -മോ അതിലധികമോ സ്ഥിരവൈകല്യം |

നേരിട്ടതോ, മരണപ്പെട്ടു പോയതോ ആയ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ വായ്പയുടെ മുഴുവൻ മുതൽ തുകയും, തീയതി, അനുവദിച്ച ലോൺ തുക, ലോൺ അക്കൗണ്ടിന്റെ തരം എന്നിവ പരിഗണിക്കാതെ തന്നെ സർക്കാർ വഹിക്കുന്നതാണ്.

•മാനേജ്മെന്റ്/എൻ.ആർ.ഐ ക്വോട്ട, അംഗീകൃതമല്ലാത്ത സ്ഥാപനങ്ങളിൽ പ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികൾക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കുകയില്ല. എന്നാൽ മാനേജ്മെന്റ് ക്വോട്ടയിൽ നഴ്സിംഗ് കോഴ്സിന് പ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികൾ ഈ സ്കീമിന്റെ ആനുകൂല്യത്തിന് അർഹരാണ്.

•ലോൺ അക്കൗണ്ട് ക്ലോസ് ചെയ്തിട്ടുള്ള വിദ്യാർത്ഥികൾക്ക് ഈ സ്കീം പ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

•ഈ സ്കീം പ്രകാരം ഇൻഡ്യയിലെ ഗ്രാജുവേറ്റ് / പോസ്റ്റ് ഗ്രാജുവേറ്റ് / ഡിപ്ലോമ കോഴ്സുകൾക്ക് ഏതെങ്കിലും ആദ്യത്തെ ഒന്നിന് ഒരിക്കൽ മാത്രമേ ആനുകൂല്യം ലഭ്യമാകുകയുള്ളൂ.

വാർഷിക കുടുംബ വരുമാനം 6 ലക്ഷത്തിൽ താഴെയുള്ള വായ്പയെടുത്ത വിദ്യാർത്ഥികൾക്ക് മാത്രമേ ഈ സ്കീമിന്റെ ആനുകൂല്യം ലഭിക്കുകയുള്ളൂ. എന്നാൽ 40% -മോ അധികമോ അംഗപരിമിതിയുള്ളവർക്ക് വാർഷിക കുടുംബ വരുമാന പരിധി 9 ലക്ഷം രൂപയായിരിക്കും.

വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയിലേയ്ക്ക് അപേക്ഷ സമർപ്പിക്കുന്നതിനായി നിശ്ചയിച്ചിരുന്ന അവസാന തീയതി 31.01.2018 ആയിരുന്നു. ഇതനുസരിച്ച് 75409 അപേക്ഷകൾ elrs.kerala.gov.in എന്ന പോർട്ടൽ വഴി ഓൺലൈനായി സമർപ്പിക്കപ്പെട്ടിട്ടുണ്ട്. പ്രസ്തുത അപേക്ഷകൾ ബാങ്കുകൾ പരിശോധിച്ച് യോഗ്യമായവ ധനസഹായത്തിനായി സർക്കാരിലേയ്ക്ക് സമർപ്പിച്ച്

| | | |
|---|---|---|
| | | വരികയാണ്. സർക്കാരിൽ ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് യോഗ്യമായവയ്ക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. |
| ബി | എസ്.ബി.ഐ യിൽ നിന്ന് വായ്പയെടുത്ത് കുടിശ്ശിക വന്നവരുടെ കുടിശ്ശിക തിരികെ പിടിക്കാൻ റിലയൻസിനെ ഏൽപ്പിച്ച് ഈ പദ്ധതിയെ അട്ടിമറിക്കാൻ നടത്തുന്ന നീക്കം അവസാനിപ്പിക്കാൻ വേണ്ട ഇടപെടൽ നടത്തുമോ; വിശദമാക്കാമോ; | വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി അട്ടിമറിക്കാൻ നീക്കം നടക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല. അതേ സമയം എസ്.ബി.ഐ - എസ്.ബി.റ്റി ലയനത്തിനു മുൻപ് എസ്.ബി.റ്റി -യിൽ നിന്നും നൽകിയിരുന്നതും അസറ്റ് റീ കൺസ്ട്രക്ഷൻ കമ്പനിക്ക് കൈമാറിയതുമായ വിദ്യാഭ്യാസ വായ്പകൾ വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുകയില്ല. പ്രസ്തുത കമ്പനി ഒരു ബാങ്കിംഗ് ഇതര കമ്പനി ആയതിനാൽ വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്ന ബാങ്കുകളുടെ ഗണത്തിൽ പെടാത്തതിനാലാണ് ഇപ്രകാരം കൈമാറ്റം ചെയ്യപ്പെട്ട വായ്പകൾ വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടാത്തത്. |
| സി | മാനേജ്മെന്റ് സീറ്റിൽ പ്രവേശനം നേടിയവർക്ക് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് നഴ്സിംഗ് ഇതര പ്രൊഫഷണൽ / ടെക്നിക്കൽ കോഴ്സുകൾക്ക് മാനേജ്മെന്റ് ക്വാട്ടയിൽ അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുകയില്ല. അതേ സമയം നഴ്സിംഗ് കോഴ്സുകളിൽ മെറിറ്റ്, മാനേജ്മെന്റ് എന്നീ രണ്ടു വിഭാഗങ്ങളിലും പ്രവേശനം കിട്ടിയവർക്ക് പദ്ധതിയുടെ ആനുകൂല്യത്തിന് അർഹതയുണ്ട്. ഈ മാനദണ്ഡങ്ങൾ മാറ്റാൻ ഉദ്ദേശിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ